**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5281** **05-07-2024 - ൽ മറുപടിയ്ക്ക്**

**കൃഷിക്ക് സുലഭമായി ജലം ലഭ്യമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം രാജഗോപാലൻ** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | ഒന്നും രണ്ടും വിള നെൽകൃഷി നടത്തുന്ന ജില്ലയിലെ കർഷകരെ സഹായിക്കാനും നെൽകൃഷിക്ക് ശേഷം പച്ചക്കറി ഉൾപ്പെടെയുള്ള ഹ്രസ്വകാല കൃഷിയിൽ ഏർപ്പെടുന്നവർക്ക് സുലഭമായി ജലം ലഭ്യമാക്കാനും കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ എന്തെങ്കിലും പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ? | (എ) | ഉണ്ട്. കൃഷിക്ക് സുലഭമായി ജലം ലഭ്യമാക്കാൻ കൃഷിവകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>**i) നബാർഡ് ആർ.ഐ.ഡി.എഫ്**<br>കാർഷിക മേഖലയിൽ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി കൃഷിയിടങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിനാവശ്യമായ നിർമ്മാണ പ്രവർത്തനങ്ങൾ നബാർഡിന്റെ റൂറൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെൻറ് ഫണ്ട് പദ്ധതി പ്രകാരം നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതിയുടെ ഭാഗമായി ജലസേചന സൗകര്യങ്ങളുടെ വിപുലീകരണത്തിനുള്ള പ്രവർത്തികളും ചെയ്തുവരുന്നുണ്ട്.<br><br>**ii ) ആർ. കെ. വി. വൈ**<br><br>കാർഷിക മേഖലയുടെ വികസനം ലക്ഷ്യമിട്ട് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് രാഷ്ട്രീയ കൃഷി വികാസ് യോജന. ഈ പദ്ധതിയുടെ ഭാഗമായി കൃഷിയിടങ്ങളിലെ ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങളും അനുബന്ധ പ്രവർത്തനങ്ങളും ചെയ്തു വരുന്നു.<br><br>**iii) ആർ. കെ. വി. വൈ - പി.ഡി.എം.സി.**<br><br>ജലസേചന സൗകര്യം ഒരുക്കുന്നതിനായി രാഷ്ട്രീയ കൃഷി വികാസ് യോജന - പെർ ഡ്രോപ്പ് മോർ ക്രോപ്പ് പദ്ധതി പ്രകാരം കൃഷിയിടങ്ങളിൽ സൂക്ഷ്മ ജലസേചനം നടത്തുന്നതിനായി ഡ്രിപ്പ് ജലസേചനം, സ്പ്രിങ്കളർ ജലസേചനം എന്നിവ സ്ഥാപിക്കുന്നതിന് കർഷകർക്ക് സബ്സിഡി നൽകുന്നു. കേന്ദ്ര സർക്കാരിന്റെ പദ്ധതി മാർഗ്ഗ രേഖയിലെ നിബന്ധനകൾക്ക് വിധേയമായി ചെറുകിട നാമമാത്ര കർഷകർക്ക് പദ്ധതി തുകയുടെ |

| | | | |
|---|---|---|---|
| | | | 55 ശതമാനവും മറ്റുള്ള കർഷകർക്ക് 45 ശതമാനവും സബ്സിഡി നൽകുന്നു.<br><br>**iv)<u>സബ് മിഷൻ ഓൺ അഗ്രിക്കൾച്ചറൽ മെക്കനൈസേഷൻ (SMAM) (കേന്ദ്രാവിഷ്കൃത പദ്ധതി)</u>**<br><br>നെൽകൃഷിയ്ക്ക് ജലസേചനത്തിനായി പമ്പ്സെറ്റ് വാങ്ങുന്നതിന് ചെറുകിട നാമമാത്ര കർഷകർക്കും, വനിതകൾക്കും, SC/ST വിഭാഗങ്ങൾക്കും 50 ശതമാനവും മറ്റു കർഷകർക്ക് 40 ശതമാനവും കർഷക സംഘങ്ങൾക്ക് 80 ശതമാനവും സബ്സിഡി SMAM പദ്ധതി പ്രകാരം നൽകി വരുന്നു.<br><br>**<u>v) നെൽകൃഷി വികസന പദ്ധതി (സംസ്ഥാനാവിഷ്കൃത പദ്ധതി)</u>**<br>നെൽകൃഷി വികസന പദ്ധതിയിൽ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം എന്ന ഘടകത്തിൽ 200 ലക്ഷം രൂപ വകയിരുത്തി പാടശേഖരങ്ങളിലെ ജലസേചന സൗകര്യം മെച്ചപ്പെടുത്തുന്നതിനും മറ്റ് അടിസ്ഥാന സൗകര്യ വികസനങ്ങൾക്കുമായി പ്രോജക്ട് അധിഷ്ഠിതമായി പദ്ധതി നടപ്പിലാക്കുന്നു. |

സെക്ഷൻ ഓഫീസർ